സ്തുതിഗീതം പാടി പുകഴ്ത്തിടുന്നേൻ മനുവേലനെ

ദൂതർ സ്തുതിച്ചു വാഴ്ത്തും സുന്ദരനാം മണവാളനെ –2

അവനെൻറെ രക്ഷകൻ–അവനെനിക്കുള്ളോൻ

ബലമുള്ള ഗോപുരം ആപത്തിൽ സങ്കേതം

അവൻറെ ചാരെ ഓടിയണഞ്ഞവർക്കാശ്വാസമനുദിനവും –2 സ്തുതി....

അകൃത്യങ്ങളകറ്റിയെന്നശുദ്ധിയെ നീക്കി

അനന്ത സന്തോഷമെന്നകമേ തന്നരുളി

ഹാ! ദിവ്യ തേജസ്സിന്നഭിഷേകത്താലെന്നെ

ജയത്തോടെ നടത്തിടുന്നു –2 സ്തുതി....

അനുദിനം ഭാരങ്ങളവൻ ചുമന്നിടുന്നു

അനവധി നന്മകൾ അളവെന്യേ തരുന്നു

അവനെൻ ഉപനിധി അവസാനത്തോളവും

കാക്കുവാൻ ശക്തനല്ലോ –2 സ്തുതി....

എതിരികൾ വളരെ സഖികളിലധികം

വഴി അതിദൂരം ബഹുവിധ തടസ്സം

പരിഭ്രമിക്കുന്നില്ല മന്നവൻ

യേശു എന്നഭയം –2 സ്തുതി....

മരണത്തെ ജയിച്ചവൻ ഉയരത്തിലുണ്ട്

അവിടെനിയ്ക്കൊരുക്കുന്ന ഭവനമൊന്നുണ്ട്

ആ വീട്ടിലെന്നെ ചേർത്തിടുവാൻ

മണവാ–ളൻ വന്നിടുമേ –2 സ്തുതി....

sthuthigeetham paadi pukazhtthidunnen̈ manuvelane

doothan sthuthicchu vaazhtthum sundaranaam manavaalane-2

avanente rakshakan-avanenikkullon

balamulla gopuram aapatthil sanketham

avante chaare odi ananjavankkaashvaasam anudinavum -2

sthuthi...

akruthyangal akattiyen ashuddhiye neekki

anantha santhosham ennakame thannaruli

haa! divya thejassin abhishekatthaalenne

jayatthode nadatthidunnu...2

sthuthi...

anudinam bhaarangalavan chumannidunnu

anavadhi nanmakal alavenye tharunnu

avanen upanidhi avasaanattholavum

kaakkuvaan shakthanallo...2

sthuthi...

ethirikal valare sakhikalil adhikam

vazhi athi dooram bahuvidha thadasam

paribhramikkunnilla mannavan

yeshu ennabhayam...2

sthuthi...

maranatthe jayicchavan uyaratthilund

avideniykkorukkunna bhavanamonnund

aa veettilenne cherntthiduvaan

manavaa-lan vannidume...2

sthuthi...